മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം

*6 [508] ശ്രീ. ജോർജ് ജെ. മാത്യു:
,, ലൂഡി ലൂയിസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) നോൺ ഗവൺമെന്റൽ ഏജൻസികളെ ഈ ഉദ്യമത്തിൽ സഹകരിപ്പിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലാണ്;

(സി) ഗ്രാമങ്ങൾ തോറും ഇതിനെതിരെ പ്രവർത്തിക്കുന്ന നോൺ ഗവൺമെന്റൽ ഏജൻസികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) വ്യാജമദ്യ വിപണനത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാ സമിതികളും ആർ.ഡി.ഒ. അദ്ധ്യക്ഷനായി ബ്ലോക്ക് സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ ജില്ലാ ബ്ലോക്ക്തല സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സമിതികളിൽ പോലീസ്-എക്സൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരും സാമൂഹ്യ സന്നദ്ധസംഘടനകളുടെ പ്രതിനിധികളും എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കളും അംഗങ്ങളാണ്. ജില്ലാ ബ്ലോക്ക്തല സമിതികൾ തുടർച്ചയായി കൂടുകയും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനതല സമിതിയും കഴിവതും 6 മാസത്തിലൊരിക്കൽ യോഗംചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ മദ്യവർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന യോഗ്യരായ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ജില്ലാകളക്ടർ വഴി അവർക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഇതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ മദ്യമയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂൾ തലങ്ങളിലേക്കും കുടുംബശ്രീ യൂണിറ്റുകളിലേക്കും വ്യാപിപ്പിക്കുന്നതിന് എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ച് അനന്തര പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നു. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ 2004 ജൂൺ 26-ന് എറണാകുളത്ത് വിപുലമായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ മേൽപ്പറഞ്ഞ സമിതികളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മദ്യവർജ്ജന പ്രവർത്തനം നടത്തുന്ന സംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുകയും അവർ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ജില്ലാ കളക്ടർ മുഖേന സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) നിലവിലുള്ള സംവിധാനം ഏറെക്കുറെ പര്യാപ്തമാണെന്ന് കരുതുന്നതു കൊണ്ട് കൂടുതൽ ഏജൻസികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ജലപ്രവാഹങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

*7 [509] ശ്രീ. രാജു എബ്രഹാം:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ബാലൻ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപ്രവാഹങ്ങളും ജലപ്രവാഹങ്ങളിലെ ജലവും സംരക്ഷിക്കുന്നതിലും ഉപഭോഗം നിയന്ത്രിക്കുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലസേചന ഭൂമിയിൽ കയ്യേറ്റങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. കുറ്റിയാടി, കാരാപ്പുഴ, പഴശ്ശി എന്നീ പദ്ധതികൾക്കുവേണ്ടി അക്വയർ ചെയ്ത ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ട്. ഇവരെ ഒഴിപ്പിക്കാൻ ബന്ധപ്പെട്ട കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പീച്ചി അണക്കെട്ടിന്റെ ജലസംഭരണ മേഖലയിൽ 43 കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീച്ചി ആമ്പല്ലൂർ ബ്രാഞ്ച് കനാൽ ബണ്ട് പുറമ്പോക്കിൽ 138 കുടുംബങ്ങൾ കയ്യേറി താമസിക്കുന്നുണ്ട്. പെരിയാർവാലി പദ്ധതിക്കെടുത്ത ഭൂമിയിലും നിരവധി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറത്ത് പരപ്പനങ്ങാടിയിൽ കീരനെല്ലൂർ ബ്രിഡ്ജിന് സമീപം ജലസേചന ഭൂമി കയ്യേറിയതു സംബന്ധിച്ച് ഒരു കേസ് സബ് കോടതിയിൽ നിലവിലുണ്ട്. കല്ലായിയിൽ ജനതാ സ്റ്റീൽ ഉടമസ്ഥർ ജലസേചന വകുപ്പിന്റെ പുറമ്പോക്ക് കയ്യേറിയിട്ടുണ്ട്. ഇതു സംബന്ധിച്ച കേസ് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly